"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 14-07-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കോന്നി ബ്ലോക്ക് പഞ്ചായത്ത് - ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ ഘടകസ്ഥാപനങ്ങളുടെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1436/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/07/2021

പരാമർശം:- 1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.03.2021 ലെ കത്ത്

2. 14-07-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.37-ാം നമ്പർ തീരുമാനം

ഉത്തരവ്

കോന്നി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിയ്ക്കുന്ന ഘടകസ്ഥാപനങ്ങളായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, എസ്.സി ഡെവലപ്മെന്റ് ഓഫീസ്, ക്ഷീരവികസന ഓഫീസ് എന്നിവയുടെ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പഴയ കെട്ടിടത്തിന്റെ ഭിത്തി നിലനിർത്തി പില്ലർ പണിത് മേൽക്കൂര കോൺക്രീറ്റ് ചെയ്യാനായിരുന്നു എസ്റ്റിമേറ്റ്. എന്നാൽ ഭിത്തിക്കു ബലക്ഷയമുള്ളതിനാൽ എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഭിത്തി പൊളിച്ചു നീക്കി കെട്ടിടം പുതുക്കി നിർമ്മിക്കാൻ എസ്റ്റിമേറ്റ് ഭേദഗതി ചെയ്ത് പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. ഇതിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചുവെങ്കിലും പുതിയ നിർമ്മാണ പ്രവൃത്തി ആയതിനാൽ മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാൻ തടസ്സമുണ്ട് എന്നതിനാൽ മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിർമ്മാണം നടത്താൻ അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പുനരുദ്ധാരണ പ്രവൃത്തി എന്ന നിലയ്ക്ക് നിർവ്വഹണം ആരംഭിച്ച പ്രോജക്ടായതിനാൽ പ്രത്യേക അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ ഘടകസ്ഥാപനങ്ങളുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്തിരിക്കുന്ന പ്രോജക്ട് നം. 161/21, പ്രോജക്ട് നം. 162/21 എന്നിവ പുനരുദ്ധാരണ പ്രവൃത്തി എന്ന നിലയ്ക്ക് നിർവ്വഹണം ആരംഭിച്ചതായതിനാൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പ്രസിഡണ്ട്/സെക്രട്ടറി, കോന്നി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ജില്ലാ പ്ലാനിംഗ് ഓഫീസർ,പത്തനംതിട്ട

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 30-07-2021 13:10:06
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ,ഗ്രാമവികസനം എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്